# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P6-1659/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/02/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P6-1659/2022 തീയ്യതി: 23/02/2023

## ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-06-2022 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 15-12-2022 | 22-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-12-2022 | 22-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മനേഷ് കുമാർ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽ കുമാർ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജ്കുമാർ.കെ.ആർ. | പ്രസിഡന്റ് | 01-04-2021 | 19-04-2021 |
| ശ്രീമതി.ബിന്ദു കുരുവിള | പ്രസിഡന്റ് | 20-04-2021 | 31-03-2022 |
| ശ്രീമതി. സുനിത.ജി.എസ്സ് | സെക്രട്ടറി | 01-04-2021 | 21-12-2021 |
| ശ്രീമതി.അനിത.എസ്സ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-12-2021 | 23-12-2021 |
| ശ്രീ. ഗോപി കൃഷ്ണൻ | സെക്രട്ടറി | 24-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രീത.എസ്സ് | കൃഷി ഓഫീസർ | 01-04-2021 | 23-10-2021 |
| ശ്രീ.ഹരികുമാർ.പി | കൃഷി ഓഫീസർ (ഇൻ ചാർജ്ജ്) | 24-10-2021 | 31-03-2022 |
| ഡോ.തോമസ് ചെറിയാൻ | വെറ്ററിനറി സർജൻ | 01-04-2021 | 02-12-2021 |
| ഡോ.ശ്രീകല.എസ്സ് | വെറ്ററിനറി സർജൻ | 03-12-2021 | 31-03-2022 |
| ശ്രീമതി.അഞ്ചുകൃഷ്ണ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 29-06-2021 |
| ശ്രീമതി. സൗമ്യമോൾ.യു | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 30-06-2021 | 31-03-2022 |
| ഡോ.മിന്റോ മർക്കോസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.ദീപ.എസ്സ്.എസ്സ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി. വിനോദിനി. വി.ജി. | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ലാലി,എസ്സ് | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.മിറ്റ്സി.കെ.വർഗ്ഗീസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 14-06-2021 |
| ശ്രീമതി.അനിത.എസ്സ് | അസിസ്റ്റന്റ് സെക്രട്ടറി | 15-06-2021 | 31-03-2022 |
| ശ്രീമതി ,ഹാഷിറ.ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ.ക്ഷേമലത.കെ.കെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ | 1-2(1) |
| 4 | സാമ്പത്തിക വിശകലനം 2021-22 | 1-3 |
| 5 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)2021-22 | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി 2021-22 | 1-7 |
| 9 | ക്ഷേമപദ്ധതികൾ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | ഓഡിറ്റ് ഇംപാക്ട് - തൊഴിൽ നികുതിയിനത്തിൽ കുറവ് വന്ന തുക തിരികെ ഈടാക്കി | 1-10 |
| 12 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 1-11 |
| 13 | അൺ എയ്ഡഡ് ഹൈസ്കൂളിനെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കി | 1-12 |
| 14 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് | 1-13 |
| 15 | മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കിയില്ല | 1-14 |
| 16 | വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി നിർണ്ണയിച്ചില്ല | 1-15 |
| 17 | ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തില്ല | 1-16 |
| 18 | വാണിജ്യ കെട്ടിടങ്ങളുടെ കെട്ടിട നമ്പർ ലൈസൻസ് രജിസ്റ്ററിൽ ശരിയായി രേഖപ്പെടുത്തുന്നില്ല | 1-17 |
| 19 | കള്ള് ഷാപ്പുകളും മാവേലി സ്റ്റോറും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-18 |
| 20 | സോഫ്റ്റ്‌വെയറിൽ സാങ്കേതിക പിഴവ് - ഡേ ബുക്ക് - ക്യാഷ് ബുക്ക് വരവുകൾ പൊരുത്തപ്പെടുന്നില്ല | 1-19 |
| 21 | മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ ഫീസ്-1,57,183/- രൂപ തനതുഫണ്ടിൽ തിരിച്ചടക്കേണ്ടതാണ് | 1-20 |
| 22 | തെരുവ് വിളക്ക്, പൊതു ടാപ്പുകൾ - സംയുക്ത പരിശോധന നടത്തിയില്ല, വൈദ്യുതി, വാട്ടർ ചാർജ്ജിനങ്ങളിൽ അധിക ചെലവ് | 1-21 |
| 23 | വാട്ടർ കിയോസ്ക് വാങ്ങി സ്ഥാപിക്കൽ -ആദായനികുതി/ജി.എസ്.റ്റി. ഈടാക്കിയ രേഖകൾ ലഭ്യമാക്കിയില്ല | 1-22 |
| 24 | വിവിധ ഉദ്ദേശങ്ങൾക്കായി ലഭിച്ച തുക വിനിയോഗിക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ ശേഷിക്കുന്നു | 1-23 |

| | | |
|---|---|---|
| 25 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട - അധിക തുക നൽകിയത് സംബന്ധിച്ച് | 1-24 |
| 26 | സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു | 1-25 |
| 27 | ഐ.കെ.എം. വിഹിതത്തിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-26 |
| 28 | വിവിധ വാർഡുകളിൽ വാട്ടർ കിയോസ്ക് സ്ഥാപിക്കൽ-പദ്ധതി പൂർത്തീകരിച്ചില്ല. 3,97,354 രൂപ തടസ്സപ്പെടുത്തുന്നു. | 1-27 |
| 29 | കരാറുകാരന്റെ ബില്ലിൽ നിന്ന് ഈടാക്കുന്ന ടാർവീപ്പയുടെ വില തനതുഫണ്ടിൽ ഒടുക്കുന്നു | 1-28 |
| 30 | ഇന്ധന ഉപഭോഗം സംബന്ധിച്ച വിശദാംശങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല | 1-29 |
| 31 | വില മുൻകൂറായി നൽകിയെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായില്ല | 1-30 |
| 32 | എൻ.ആർ.ഇ.ജി.എസ്സ്- മെറ്റീരിയൽ വർക്കുകളിൽ അധിക നിരക്ക് അനുവദിക്കുന്നു | 1-31 |
| 33 | വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല | 1-32 |
| 34 | ലൈഫ് പദ്ധതി - അവലോകനം | 1-33 |
| 35 | അങ്കണവാടി - അവലോകനം | 1-34 |
| 36 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട - അധിക തുക നൽകിയത് സംബന്ധിച്ച് | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്(2021-22) | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 22.02.2021 തീയതിയിലെ 3(1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 16,22,49,537 | 14,80,79,000 |
| വാർഷിക കണക്ക് പ്രകാരം | 9,71,56,205 | 9,99,32,207 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31/07/2022 | 19/07/2022 |

## 1-2(1) വാർഷികകണക്കിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ ഗ്രാമ പഞ്ചായത്തിന്റെ വാർഷികധനകാര്യ പത്രിക പരിശോധിച്ചതിൽ, ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ക്രമീകരിക്കാൻ തുകകൾ ശേഷിച്ചിട്ടില്ല. എന്നാൽ വാർഷികകണക്ക് ഹെഡ്ഡ് ഓഫ് അക്കൗണ്ട് പ്രകാരം 6000/- രൂപ ശേഷിക്കുന്നതായി കാണുന്നു.
2. പ്രൊഫഷൻ ടാക്സ് (ട്രേഡേഴ്സ്) ഇനത്തിൽ തൻവർഷത്തെ കളക്ഷൻ തുക മാത്രമാണ് ഇൻകം & എക്സ്പെന്റിച്ചറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അഡ്വാൻസ് കളക്ഷൻ ലഭിച്ച 1255/-രൂപ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. പ്രൊഫഷൻ ടാക്സ് (ട്രേഡേഴ്സിന്റെ)ഡി.സി.ബി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷികകണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത ബോധ്യപ്പെടുന്നില്ല.
4. വാർഷികകണക്ക് പ്രകാരം മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) ഇനത്തിൽ 3842780/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എ.സി.ആർ. പരിശോധിച്ചതിൽ മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) ഇനത്തിൽ ചെലവ് 3958484/- രൂപയാണ്.
5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി – 4 പ്രകാരം 320200104, 320200113 എന്നീ ഹെഡ്ഡ് ഓഫ് അക്കൗണ്ടുകളിലായി സി.എഫ്.സി ഗ്രാന്റ് ബേസിക്, ടൈഡ് ഫണ്ട് എന്നീ ഇനങ്ങളിൽ ശേഷിക്കുന്ന 30,68,561/-രൂപ, 12,73,500/-രൂപ എന്നിവ ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു(ആകെ 43,42,061). എന്നാൽ ബി 17 പ്രകാരം പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്നത് 12,94,447/-രൂപ മാത്രമാണ്.
6. B-17 ഹെഡ്ഡ് ഓഫ് അക്കൗണ്ട് 450210101 പ്രകാരം -295636/- രൂപ മൈനസ് ബാലൻസ് കാണുന്നു. (സി.എഫ്.സി. ഗ്രാന്റ്)
7. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം കേരള ഇലക്ട്രിസിറ്റി ബോർഡിലെ നിക്ഷേപം 1,31,496/- രൂപയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.(2020-21 ലെ ബാലൻസ് ഷീറ്റ് പ്രകാരം ബാലൻസ് നിന്ന തുക). എന്നാൽ തൻവർഷം, ഗ്രാമ പഞ്ചായത്ത് ഇലക്ട്രിസിറ്റി ബോർഡിൽ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കലിനായി – 3,02,538/-രൂപയും വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റ് സ്ഥാപിക്കലിന്-3,99,997/- രൂപയും ഉൾപ്പടെ 7,02,535/- നിക്ഷേപിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തുകയും ബി-18-ൽ ഉൾപ്പെടുത്തേണ്ടതാണ്.
8. വായ്പാ രജിസ്റ്റർ പ്രകാരമുള്ള കണക്കിൽ വായ്പാ ഇനത്തിൽ ബാലൻസ് ഇല്ല. എന്നാൽ AFS-ൽ B15 പ്രകാരം 97255/- രൂപ ബാലൻസ് നിൽക്കുന്നു.

മേൽ അപാകതകൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന്(നം.11 തീയതി, 19-12-2022) ലഭിച്ച മറുപടിയിൽ, ക്രമ നം. 1,2,5,7 അപാകതകൾ പരിഹരിച്ച്എ.എഫ്.എസ്സിൽ തിരുത്തൽ വരുത്തുന്നതാണെന്നും ക്രമ നം.6 ന് ഐ.എൽ.ജി.എം.എസ്സ്-ൽ വന്നിട്ടുള്ള സാങ്കേതിക പിഴവ് തൊട്ടടുത്ത എ.എഫ്.എസ്സിൽ പരിഹരിക്കുന്നതാണെന്നും അറിയിച്ചു. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം 2021-22

| | |
|---|---|
| മുന്നിരിപ്പ് | 15127839 |
| വരവ് | 47144123 |
| ആകെ | 62271962 |
| ചെലവ് | 48471050 |
| നീക്കിയിരിപ്പ് | 13800912 |

## 1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)2021-22

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8298667 | 8298667 | 8257748 | 40919 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3178477 | 3178477 | 3082333 | 96144 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 675400 | 675400 | 4504932 | 2249068 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5294316 | 5294316 | 3958484 | 1335832 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 2795332 | 2795332 | 2846447 | -51118 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 5016986 | 5016986 | 2756068 | 2260918 |

## 1-5 പദ്ധതി അവലോകനം

2021-22 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 138 | 41299877 | 106 | 31398476 | 5 | 27 | 76.812 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|
| പൊതു ശ്മശാനം നിർമ്മാണം | 1505958 |
| വരട്ടാർ പുനരുദ്ധാരണം | 688810 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-12-2022 ന് 4 Pm-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് 8170/- രൂപയെന്ന് ബോധ്യപ്പെട്ടു.

## 1-7 തൊഴിലുറപ്പ് പദ്ധതി 2021-22

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 258836 | 108306 | 367142 | 256025 | 111117 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | - | 16996658 | 16996658 | 16996658 | 0 |
| ആകെ | 258836 | 17104964 | 17363800 | 17252683 | 111117 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7320 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 2567600 | 165 |
| വിധവാപെൻഷൻ | 7305600 | 365 |
| വാർദ്ധക്യകാലപെൻഷൻ | 26102400 | 1709 |
| വികലാംഗപെൻഷൻ | 2312800 | 101 |
| അവിവാഹിതപെൻഷൻ | 299200 | 14 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

## 1-9 ആഭ്യന്തര നിയന്ത്രണം

താഴെപ്പറയുന്ന കാര്യങ്ങളിലൊഴികെ സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണ്. പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പലതിലും മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല.

## 1-10 ഓഡിറ്റ് ഇംപാക്ട് - തൊഴിൽ നികുതിയിനത്തിൽ കുറവ് വന്ന തുക തിരികെ ഈടാക്കി

തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായ തൊഴിൽനികുതി (രണ്ട് അർദ്ധ വർഷങ്ങളിലും) ഈടാക്കിയിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് /സ്ഥാപനം | അടിസ്ഥാന ശമ്പളം | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | സിനുകുമാർ, അക്കൗണ്ടന്റ്, എൻ.ആർ.ഇ.ജി.എസ് | 24040/- | 144240/- | 1000/- | 1250/- | 250/- |
| 2 | അജിത് കുമാർ, ഓവർസിയർ, എൻ.ആർ.ഇ.ജി.എസ് | 24040/- | 144240/- | 1000/- | 1250/- | 250/- |

ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം.15/19.12.2022) ടി ജീവനക്കാരുടെ രണ്ട് അർദ്ധവർഷങ്ങളിലേയും കുറവ് വന്ന തൊഴിൽ നികുതി (രസീത് നം.1220702778/21.12.2022 പ്രകാരം 561/- രൂപ, രസീത് നം.1220702777/21.12.2022 പ്രകാരം 561/- രൂപ) 1122/- രൂപ ടി ജീവനക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി.

## 1-11 വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ 200 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള ഷോപ്പിംഗ് സമുച്ചയങ്ങൾക്ക് വസ്തുനികുതി ച.മീറ്ററിന് 70/- രൂപയായി ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ താഴെപ്പറയുന്ന വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ് നമ്പർ | കെട്ടിട നം. | അസസ്മെന്റ് വർഷം | ആകെ തറ വിസ്തീർണ്ണം (ച.മീ.) | ചുമത്തിയ അടിസ്ഥാന വസ്തു നികുതി@50 | ചുമത്തേണ്ട അടിസ്ഥാന വസ്തു നികുതി@70 | കുറവ് |
|---|---|---|---|---|---|---|---|
| റ്റോണി.കെ.തോമസ്, കുതിരവട്ടത്ത്, കല്ലിശ്ശേരി | IX (കല്ലിശ്ശേരി) | 828 | 2021 ഒന്നാം അർദ്ധവർഷം | 468.76 | 23438 | 32813 | 9375 |
| | | 827 | 2020 ഒന്നാം അർദ്ധവർഷം | 347.39 | 17369 | 24317 | 6948 |
| | ആകെ | | | 816.15 | 40807 | 57130 | 16323 |

വിസ്തീർണ്ണത്തിന്റെയും ഉപയോഗത്തിന്റേയും അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 23/21.12.2022) സഞ്ചയ സോഫ്റ്റ്‌വെയറിലെ തെറ്റായ രേഖപ്പെടുത്തൽ മൂലമാണ് നികുതിയിനത്തിൽ കുറവ് വന്നതെന്നും ടി കെട്ടിടങ്ങൾ റീ അസ്സസ്സ് ചെയ്ത് കുടിശ്ശിക ഈടാക്കുമെന്നും അറിയിച്ചിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 പ്രകാരം മേൽപ്പറഞ്ഞ അടിസ്ഥാന വസ്തുനികുതിയിൻമേൽ ബാധകമായ ഇളവുകൾ, വർദ്ധനവുകൾ എന്നിവ കണക്കാക്കി പ്രസ്തുത കെട്ടിടങ്ങളെ റീ അസസ് ചെയ്യേണ്ടതും അസസ്മെന്റ് വർഷം മുതലുള്ള നികുതി കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-12 അൺ എയ്ഡഡ് ഹൈസ്കൂളിനെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കി

ഗ്രാമപഞ്ചായത്തിലെ ഉമയാറ്റുകര വാർഡിൽ പ്രവർത്തിച്ചുവരുന്ന അൺ എയ്ഡഡ് ഹൈസ്കൂളായ എബനൈസർ ഇംഗ്ലീഷ് മീഡിയം സ്കൂളിന് 2013 ഒന്നാം അർദ്ധവർഷം മുതൽ പ്രാബല്യത്തിൽ അസ്സസ്സ് ചെയ്ത് X/31 എന്ന നമ്പർ നൽകിയിട്ടുള്ളതാണെങ്കിലും സഞ്ചയയിൽ ടി കെട്ടിടം വസ്തുനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207(1) പ്രകാരം അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഒഴിവാക്കിയിട്ടില്ല. വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/20.12.2022) അസ്സസ്സ് ചെയ്ത വസ്തുനികുതി ഈടാക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. വസ്തു നികുതി അസസ് ചെയ്ത് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്

പത്താം വാർഡിൽ പ്രവർത്തിച്ചുവരുന്ന എബനേസർ, ഇ.എം.എച്ച്.എസ് സ്കൂളിലെ താഴെപ്പറയുന്ന ജീവനക്കാരുടെ വരുമാന പത്രിക പരിശോധിച്ചതിൽ അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായ തൊഴിൽനികുതി (രണ്ട് അർദ്ധ വർഷങ്ങളിലും) ഈടാക്കിയിട്ടില്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | അടിസ്ഥാന ശമ്പളം | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|---|
| 1 | സിന്ധു ജോൺ(H.M) | 11000 | 66000 | 300 | 600 |
| 2 | മംഗളം തോമസ് | 9250 | 55500 | 300 | 450 |
| 3 | രാജേശ്വരി | 8250 | 49500 | 300 | 450 |
| 4 | സീനു.എം.ആർ | 6250 | 37500 | 180 | 300 |
| 5 | സന്ധ്യ സുരേഷ് | 6250 | 37500 | 180 | 300 |
| 6 | ഗീതു ബാലൻ | 6050 | 36300 | 180 | 300 |
| 7 | ദീപ.എസ് | 6000 | 36000 | 180 | 300 |
| 8 | ലതിക.എൽ | 5500 | 33000 | 180 | 300 |
| 9 | ഷിജി ജോസഫ് | 5500 | 33000 | 180 | 300 |
| 10 | രാധാ തങ്കച്ചൻ | 5500 | 33000 | 180 | 300 |

വരുമാനത്തിനനുസൃതമായ തൊഴിൽനികുതി ഈടാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/19.12.2022) കോവിഡ് കാലമായിരുന്നതിനാൽ മേൽപ്പറഞ്ഞ ജീവനക്കാർക്ക് ശമ്പളം മുഴുവനായി ലഭിച്ചില്ലായെന്നും യഥാർത്ഥ വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതിയാണ്

ഈടാക്കിയതെന്നും മറുപടി ലഭിച്ചു. ജീവനക്കാരുടെ വരുമാനപത്രികയിലെ യഥാർത്ഥ വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി കണക്കാക്കി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കിയില്ല

സഞ്ചയ ഡേറ്റാബേസ് പ്രകാരം 12 മൊബൈൽ ടവറുകളാണ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ളത്.

ബി.എസ്.എൻ.എൽ ടവറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി നാളിതുവരെ ഈടാക്കിയിട്ടില്ല.

| ക്രമ നം | വാർഡ് നം | കെട്ടിട നം | വിസ്തൃതി ച.മീ | അസസ്സ് ചെയ്ത നികുതി | പെർമിറ്റ് പ്രകാരം ടവറിന്റെ ഉടമ |
|---|---|---|---|---|---|
| 1 | 11 | 189 | 12 $M^2$ | 5760 | ബി.എസ്.എൻ.എൽ |
| 2 | 13 | 328 | 12 $M^2$ | 5760 | ബി.എസ്.എൻ.എൽ |

മേൽപ്പറഞ്ഞ 2 ബി.എസ്.എൻ.എൽ ടവറുകളും 2013-14 സാമ്പത്തിക വർഷം അസസ്സ്ചെയ്ത് ഡിമാന്റിൽ ഉൾപ്പെടുത്തിയെങ്കിലും സഞ്ചയ പ്രകാരം നാളിതുവരെ വസ്തു നികുതി ഒടുക്കിയിട്ടില്ല. വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/20.12.2022) ബി.എസ്.എൻ.എൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കാൻ ആർ.ആർ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭിച്ചു. വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-15 വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി നിർണ്ണയിച്ചില്ല

100 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 30/- ഉം 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50/- രൂപയായും വസ്തുനികുതി നിശ്ചയിച്ച് പഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് അംഗീകരിച്ച നികുതി നിരക്കിൽ നിന്ന് വ്യത്യസ്ഥമായി താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിനനുസൃതമായി നികുതി നിർണ്ണയിച്ചതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം/ഉപയോഗം | വിസ്തീർണ്ണം (ച.മീ.) | കെട്ടിട നമ്പർ | നിർണ്ണയിച്ച നികുതി നിരക്ക് | നിർണ്ണയിക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | വാണിജ്യ കെട്ടിടം | 160.64 | IX/700 | 30/ച.മീ. | 50/ച.മീ. |
| 2 | കാറ്ററിംഗ് | 119 | IV/110 | 30/ച.മീ. | 50/ച.മീ. |
| 3 | വാണിജ്യ കെട്ടിടം | 663 | VI/20 | 30/ച.മീ. | 50/ച.മീ. |
| 4 | ടൈൽ വിൽപ്പന | 274.52 | VI/381 | 30/ച.മീ. | 50/ച.മീ. |
| 5 | ഹാർഡ് വെയേഴ്സ് | 102.6 | IX/230 | 30/ച.മീ. | 50/ച.മീ. |
| | നികുതി പ്രാബല്യം - 2013 ഒന്നാം അർദ്ധവർഷം | | | | |

ടി കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിലെ അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/19.12.2022) ടി കെട്ടിടങ്ങൾ 1993 ന് മുമ്പ് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളാണെന്നും ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുമ്പോൾ നിലവിലുണ്ടായിരുന്ന നികുതിയുടെ 100% വർദ്ധനവ് മാത്രമേ സാധിക്കൂ എന്നും മറുപടി ലഭിച്ചു. ഇത്തരം കെട്ടിടങ്ങളിൽ ഘടനാപരമായ മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ച് നികുതി നഷ്ടം ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തില്ല

ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 816 സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ ഡി & ഒ രജിസ്റ്റർ പ്രകാരം 209 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. സഞ്ജയ പ്രകാരം 963 കെട്ടിടങ്ങൾ വാണിജ്യ/വ്യവസായ സ്ഥാപനങ്ങളുടെ ഗണത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/20.12.2022) കോവിഡ് കാലമായിരുന്നതിനാൽ ഫീൽഡ് എൻക്വയറി സാധ്യമായില്ലായെന്നും പല സ്ഥാപനങ്ങളും പ്രവർത്തന രഹിതമായിരുന്നുവെന്നും തുടർ വർഷങ്ങളിൽ ട്രേഡേഴ്സ് ലിസ്റ്റ്

കാലികമാക്കിയിട്ടുണ്ടെന്നും അറിയിച്ചെങ്കിലും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി ലൈസൻസ് ഈടാക്കിയത് സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 വാണിജ്യ കെട്ടിടങ്ങളുടെ കെട്ടിട നമ്പർ ലൈസൻസ് രജിസ്റ്ററിൽ ശരിയായി രേഖപ്പെടുത്തുന്നില്ല

2021-22 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നൽകുന്ന ലൈസൻസ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ 2021-22 വർഷം ലൈസൻസ് എടുത്തതായി രേഖയുണ്ട്. എന്നാൽ സഞ്ചയ പരിശോധനയിൽ ടി കെട്ടിടങ്ങൾക്ക് ഗാർഹിക കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനം/ഉപയോഗം | വിസ്തീർണ്ണം (ച.മീ.) | കെട്ടിട നമ്പർ |
|---|---|---|---|
| 1 | പലചരക്ക് കട | 76.5 | XII/352 |
| 2 | സ്റ്റേഷനറി | 85 | VI/343 |
| 3 | വസ്ത്ര വ്യാപാരം | 62 | IV/79 |

ഉപയോഗ ക്രമത്തിലെ ഈ അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/19.12.2022) കെട്ടിട നമ്പർ അപേക്ഷയിലും രജിസ്റ്ററിലും തെറ്റായി രേഖപ്പെടുത്തിയതാണെന്നും നികുതി നഷ്ടം ഉണ്ടായിട്ടില്ലെന്നും വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് യഥാക്രമം ക്രമ നം.1 ന് XII/350 ഉം ക്രമ നം.2 ന് VI/341, 342 ഉം ക്രമ നം. 3 ന് IV/78 നമ്പർ കെട്ടിടത്തിലുമാണെന്ന് മറുപടി ലഭിച്ചു. ഇപ്രകാരം വാണിജ്യ കെട്ടിടങ്ങൾക്ക് പകരം പാർപ്പിടാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ നമ്പർ തെറ്റായി രേഖപ്പെടുത്തുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-18 കള്ള് ഷാപ്പുകളും മാവേലി സ്റ്റോറും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2021-22 വർഷം ലൈസൻസ് എടുത്തില്ല

(I)T.S No.9 കള്ള് ഷാപ്പ്, ഇരമല്ലിക്കര

(Ii)T.S No.10 കള്ള് ഷാപ്പ്, മഴുക്കീർ

(Iii)T.S No.11 കള്ള് ഷാപ്പ്, മഴുക്കീർമേൽ

(Iv)മാവേലി സ്റ്റോർ, തിരുവൻവണ്ടൂർ

മേൽ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/20.12.2022) കോവിഡ് കാലമായിരുന്നതിനാൽ ഓഡിറ്റ് വർഷം ലൈസൻസ് എടുത്തിട്ടില്ലായെന്നും ടി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവന്ന് വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 സോഫ്റ്റ്‌വെയറിൽ സാങ്കേതിക പിഴവ് - ഡേ ബുക്ക് - ക്യാഷ് ബുക്ക് വരവുകൾ പൊരുത്തപ്പെടുന്നില്ല

പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിലെ വരവ് സംബന്ധിച്ച് ഡേ ബുക്കും ക്യാഷ് ബുക്കും തമ്മിൽ 134/- രൂപയുടെ സ്ഥിരമായ വ്യത്യാസം നിലനിൽക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | ഡേ ബുക്ക് പ്രകാരമുള്ള കളക്ഷൻ | ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|
| 26.9.22 | 2278 | 2412 | 134 |
| 27.9.22 | 6241 | 6375 | |
| 19.10.22 | 4336 | 4470 | |
| 1.11.22 | 345 | 479 | |
| 15.11.22 | 9838 | 9972 | |

ഡേ ബുക്കിലെ തുകയാണ് ശരിയായ തുകയെന്നും ഐ.എൽ.ജി.എം.എസ് സംവിധാനം നടപ്പാക്കിയപ്പോൾ ക്യാഷ് ബുക്കിൽ 28.6.2022 മുതൽ ഉണ്ടായ സാങ്കേതിക പിഴവാണിതെന്നും അപാകത പരിഹരിക്കാൻ ഐ.കെ.എം നോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ ഫീസ്-1,57,183/- രൂപ തനതുഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ 2016-17 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച 1,57,183/- രൂപ എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൌണ്ടിൽ സർക്കാർ നിർദ്ദേശ പ്രകാരം ഒടുക്ക് വരുത്തിയിരുന്നു. ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനമാകയാൽ എൻ.ഐ.സി മുഖേന പ്രസ്തുത അക്കൗണ്ടിൽ നേരിട്ട് ക്രഡിറ്റ് വന്ന തുകകൾ തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽക്കൂട്ടണം. ഗ്രാമ പഞ്ചായത്തിന്റെ തനത്ഫണ്ടിലേക്ക് പ്രസ്തുത തുക തിരികെ ലഭിച്ചിട്ടുണ്ടോയെന്ന് ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടതിന് (നം.28 തീയതി21-12-2022) ലഭ്യമാക്കിയ മറുപടിയിൽ, തുക തിരികെ നൽകിയിട്ടില്ലായെന്നും തുടർനടപടികൾ സ്വീകരിച്ചുവരുന്നതായി അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നൽകിയിട്ടുണ്ട്. 1,57,183/-രൂപ എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൌണ്ടിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.
കൂടാതെ, തൻവർഷം മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിൽ 62,260/- രൂപ അസിസ്റ്റന്റ് എഞ്ചിനിയർ ഇത് സംബന്ധിച്ച് ഓൺലൈൻ പെയ്മെന്റിനായി തുടങ്ങിയ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ടി തുകയും പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് തിരിച്ചടക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 തെരുവ് വിളക്ക്, പൊതു ടാപ്പുകൾ - സംയുക്ത പരിശോധന നടത്തിയില്ല, വൈദ്യുതി, വാട്ടർ ചാർജ്ജിനങ്ങളിൽ അധിക ചെലവ്

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഉപയോഗം കണക്കാക്കാതെ മിക്ക മാസങ്ങളിലും 1.17 ലക്ഷം രൂപ മുതൽ 1.26 ലക്ഷം രൂപ വരെ വൈദ്യുതി ബോർഡിൽ അടവാക്കുന്നുണ്ട്. തനത് ഫണ്ട് വഴിയും പ്ലാൻ ഫണ്ട് വഴിയും ധാരാളം തുക കെ.എസ്.ഇ.ബി യിൽ വിവിധ നിക്ഷേപ പ്രവർത്തികൾക്കായി ഒടുക്കിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് കൃത്യമായി നിർണ്ണയിക്കുന്നതിനായി വൈദ്യുത പോസ്റ്റുകളിൽ ഓട്ടോമിറ്റിക് മീറ്ററിംഗ് സംവിധാനം പൂർണ്ണമായി ഏർപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളെ സംബന്ധിച്ച് നാളിതുവരെ കെ.എസ്.ഇ.ബി യും പഞ്ചായത്തും സംയുക്ത പരിശോധന നടത്തിയതായി രേഖയില്ല. നിലവിലുള്ള ലൈറ്റുകളിൽ ബഹുഭൂരിപക്ഷവും ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി ലൈറ്റുകളായി മാറിയെങ്കിലും സംയുക്ത പരിശോധനയുടെ അഭാവത്തിൽ കെ.എസ്.ഇ.ബി നൽകുന്ന വൈദ്യുതി ചാർജ്ജിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. ആയതിനാൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഉപയോഗിക്കാത്ത വൈദ്യുതിയ്ക്കും ഓരോ മാസവും പഞ്ചായത്തിൽ നിന്നും തുക ചെലവഴിക്കാനിടയാകുന്നു. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/20.12.2022) കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതാണെന്നും തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാനായി 599421/- രൂപ 2022-23 ൽ വകയിരുത്തിയിട്ടുണ്ടെന്നും ഭാവിയിൽ അപാകത പരിഹരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജിനത്തിൽ ഓരോ മാസവും 143 ടാപ്പുകളുടെ ചാർജ്ജായ (@5512.5/-) 65697/-രൂപ പഞ്ചായത്തിൽ നിന്നും കേരള വാട്ടർ അതോരിറ്റിയിൽ ഒടുക്കുന്നുണ്ട്. എന്നാൽ പ്രവർത്തനക്ഷമമായ ടാപ്പുകൾ സംബന്ധിച്ച് പഞ്ചായത്തും വാട്ടർ അതോരിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. വാട്ടർ അതോരിറ്റി ഓരോ മാസവും നൽകുന്ന ബില്ലിൽ 143 ടാപ്പുകളുടെ വാട്ടർ ചാർജ്ജാണ് (ഒരു ടാപ്പിന് ഒരു വർഷം 5512.5/-) ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കൃത്യമായ കണക്കെടുക്കാത്തതിനാൽ ബില്ലിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. മേൽപ്പറഞ്ഞ രീതിയിൽ പഞ്ചായത്തിന്റെ പണം ഗണ്യമായ തോതിൽ വിവിധ ഏജൻസികൾക്ക് നൽകാനിടയാകുന്നു. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/20.12.2022) വാട്ടർ അതോരിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ജലജീവൻ മിഷൻ വഴി നിലവിൽ 520 ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ടെന്നും ആവശ്യമായ മുഴവൻ പേർക്കും ഗാർഹിക കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് വാട്ടർ ചാർജ്ജ് കുറച്ച് കൊണ്ട് വരാൻ സാധിക്കുമെന്നും ഭാവിയിൽ അപാകത പരിഹിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 വാട്ടർ കിയോസ്ക് വാങ്ങി സ്ഥാപിക്കൽ -ആദായനികുതി/ജി.എസ്.റ്റി. ഈടാക്കിയ രേഖകൾ ലഭ്യമാക്കിയില്ല

ദുരന്ത നിവാരണത്തിന്റെ ഭാഗമായി വരൾച്ചയെ നേരിടുന്നതിനായി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ജല ദൌർലഭ്യം ഒഴിവാക്കുന്നതിനായി വാട്ടർ കിയോസ്ക് വാങ്ങിസ്ഥാപിക്കുകയുണ്ടായി. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്, നമ്പർ | ഫണ്ടിനം, വകയിരുത്തൽ | ചെലവ് | ബിൽ നമ്പർ / തീയതി |
|---|---|---|---|
| വിവിധ വാർഡുകളിൽ വാട്ടർ കിയോസ്ക് വാങ്ങി സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -523500 | 397354 | 399, 30/03/2022 (പ്രോസീഡിംഗ്സ്) |

2017 ലെ ജി.എസ്.ടി.ആക്ട് ലെ സെക്ഷൻ 51(1) പ്രകാരം വിതരണത്തിന്റ ആകെ മൂല്യം 2.50 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ, സേവനങ്ങളുടെയോ രണ്ടിന്റെയോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ 2% ജി.എസ്.റ്റി തുക കുറവു ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പദ്ധതി പ്രകാരമുള്ള വാങ്ങലുകളിൽ നിന്ന് ജി.എസ്.റ്റി തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ സഹിതം അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ 22/20.12.22 ൽ നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കൂടാതെ ആദായനികുതി സെക്ഷൻ 194(c) പ്രകാരം ഉറവിടത്തിൽ കുറവ് ചെയ്യേണ്ട 1% ആദായനികുതി 3258/-രൂപയും ഈടാക്കി ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്. കരാറുകാരനിൽ ഈടാക്കേണ്ടിയിരുന്ന 6516/- രൂപ ഈടാക്കി ഒടുക്കു വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 വിവിധ ഉദ്ദേശങ്ങൾക്കായി ലഭിച്ച തുക വിനിയോഗിക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ ശേഷിക്കുന്നു

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവ പരിശോധിച്ചതിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 - അക്കൗണ്ട് ഹെഡ്ഡ് 320200307 ൽ 700,000/- രൂപ ബാലൻസ് നിൽക്കുന്നതായി കാണുന്നു. തൻവർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം പ്രസ്തുത തുക വരട്ടാർ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിൽ മാതാ അമൃതാനന്ദമയി മഠത്തിൽ നിന്നും ലഭിച്ചതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിച്ച തുക നാളിതുവരെ ചെലവഴിക്കാതിരുന്നതിന് കാരണം, ഭരണസമിതി മേൽ വിഷയം സംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനങ്ങൾ എന്നിവ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7 തീയതി17-12-2022) നൽകിയ മറുപടിയിൽ വരട്ടാർ പുനരുദ്ധാരണ പ്രവൃത്തി ഇറിഗേഷൻ വകുപ്പിനെകൊണ്ട് ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെയ്യിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ടെന്നും അറിയിച്ചു.അടിയന്തിരമായി തുക ചെലവഴിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

മാത്രമല്ല, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 – അക്കൗണ്ട് ഹെഡ്ഡ് 320700104-ൽ, മുൻവർഷങ്ങളിലായി ജോയിന്റ് വെൻചർ പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 17726/- രൂപയും 320700204 ഹെഡ്ഡിൽ ജോയിന്റ് വെൻചർ പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും(റവന്യൂ എക്സ്പെൻറ്റിച്ചർ) ലഭിച്ച 6,39,299/- രൂപയും 320700205 (റവന്യൂ എക്സ്പെൻറ്റിച്ചർ)ഹെഡ്ഡിൽ ജോയിന്റ് വെൻചർ പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 17,75,558/- രൂപയും 320700403 -ൽ ജോയിന്റ് വെൻചർ പ്രോജക്ടുകൾക്കായി ലഭിച്ച 1,00,000/- രൂപയും ജോയിന്റ് വെൻചർ പ്രോജക്ടുകൾക്കായി 320700405 ൽ ലഭിച്ച 300,000/- രൂപയും (ജില്ലാപഞ്ചായത്ത് വിഹിതം) ബാലൻസ് നിൽക്കുന്നു. പ്രസ്തുത തുകകൾ ഏതൊക്കെ പ്രോജക്ടുകൾക്കായി, ഏതു വർഷം ലഭിച്ചിട്ടുള്ളതാണെന്നും ചെലവഴിക്കാതിരുന്നതിനുള്ള വിശദീകരണം, തുക ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.തീയതി) ലഭ്യമാക്കിയ മറുപടിയിൽ സംയുക്ത പദ്ധതികൾക്കായി നിലവിൽ 669331/- രൂപ മാത്രമേ ശേഷിക്കുന്നവുള്ളൂവെന്ന് അറിയിച്ചു. തുക ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്ത പക്ഷം ബന്ധപ്പെട്ട

സ്ഥാപനം മുഖേന സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

തൻവർഷം ഗുണഭോക്തൃ വിഹിതമിനത്തിൽ 77,289/-രൂപ ബാലൻസ്ഷീറ്റ് പ്രകാരം ശേഷിക്കുന്നു. ഏത് പ്രോജക്ടുമായി ബന്ധപ്പെട്ടാണ് മേൽ തുക പിരിച്ചെടുത്തിട്ടുള്ളതെന്നും തുടർന്ന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ, വി.ഇ.ഒ യുടെ പ്രോജക്ട് പ്രകാരം പിരിച്ച തുകയാണെന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണെന്നും അറിയിച്ചു. പദ്ധതി നടപ്പായിട്ടില്ലെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖാന്തിരം ഗുണഭോക്താക്കൾക്ക് തുക തിരികെ നൽകേണ്ടതാണ്.

## 1-24 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട - അധിക തുക നൽകിയത് സംബന്ധിച്ച്

പ്രോജക്ട് നം - 81/22

പ്രോജക്റ്റിന്റെ പേര് - ഭിന്നശേഷിക്കാർക്ക് പെട്ടിക്കട

നിർവഹണം – ഐ.സി.ഡി.എസ് സൂപ്പർവൈസർ

ടി പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 03 ഗുണഭോക്താക്കൾക്ക് പെട്ടിക്കട നിർമ്മിച്ച് നൽകിയതിന് സിഡ്കോ സ്റ്റോബോഡ് ഫാക്ടറിക്ക് 1,16,969/- രൂപ (ട്രഷറി ബിൽ നം 16/21-22/30-03-22 പ്രകാരം) നൽകിയിട്ടുണ്ട്. ഒരു പെട്ടിക്കടയുടെ നിർമ്മാണത്തിന് 38,990/- രൂപ ചെലവായിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഈയിനത്തിൽ പൊതു വിഭാഗത്തിലെ ഒരു ഗുണഭോക്താവിന് അനുവദനീയമായ പരമാവധി സബ്സിഡി തുക 30000/- രൂപയാണ്. എ.ഇ. യുടെ വാല്യുവേഷൻ പ്രകാരം ഒരു പെട്ടിക്കടയുടെ വാല്യുവേഷൻ 39,500/- രൂപയെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) രഘുനാഥൻ നായർ, നടുവിലേത്ത്, തിരുവൻവണ്ടൂർ

2) ശാന്തമ്മ, വേലുപ്ര, ഇരമല്ലിക്കര

3) പി.ജി.ജേക്കബ്, അമ്പലത്തറ വില്ലുകുന്നിൽ, ഉമയാറ്റുകര പുത്തൻ വീട്.

ഇതിൽ ശാന്തമ്മ എന്നയാൾ എസ്.സി. വിഭാഗത്തിൽ ഉൾപ്പെടുന്നു. പൊതു വിഭാഗത്തിൽപ്പെടുന്ന ബാക്കി രണ്ട് പേർക്ക് അധികരിച്ച നിരക്കിൽ ആനുകൂല്യം നൽകിയതിന് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/2021-22/21-02-22 ന് മറുപടി നൽകിയിട്ടില്ല. രണ്ട് ഗുണഭോക്താക്കൾക്ക് ഈയിനത്തിൽ അധികത്തിൽ ചെലവഴിച്ച 17980/- രൂപ നിർവഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസറിൽ നിന്ന് തിരികെ ഈടാക്കി നിശ്ചിത ഫണ്ടിൽ അടക്കേണ്ടതാണ്.

## 1-25 സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്തിലെ 2021-22 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ സസ്പെൻഡ് ചെയ്യാതെ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | ചാണ്ടി വർഗ്ഗീസ് | വാർദ്ധക്യ പെൻഷൻ | 104720201337 | 5/02/20 | 25.2.20 | 03/20 മുതൽ 09/22 വരെ | 48300 |
| 2 | മറിയാമ്മ തോമസ് | വാർദ്ധക്യ പെൻഷൻ | 104720201035 | 27/3/20 | 13.4.20 | 03/20 മുതൽ 09/22 വരെ | 27600 |
| 3 | ചന്ദ്രമതിയമ്മ | വിധവ പെൻഷൻ | 104720600221 | 7/6/20 | 25.6.20 | 07/20 മുതൽ 04/22 വരെ | 33500 |
| 4 | തങ്കപ്പൻ | വാർദ്ധക്യ | 104720200374 | 15/3/20 | 15.4.20 | 04/20 മുതൽ | 28700 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പെൻഷൻ | | | | 09/22 വരെ | |
| 5 | എൻ.കെ.ബാലൻ | വാർദ്ധക്യ പെൻഷൻ | 104720200424 | 20/3/20 | 27.4.20 | 04/20 മുതൽ 01/22 വരെ | 32600 |
| 6 | പുന്നൂസ്.എം.ഒ | വാർദ്ധക്യ പെൻഷൻ | 104720200568 | 15/4/20 | 28.4.20 | 05/20 മുതൽ 04/22 വരെ | 36100 |
| 7 | പൗലോസ്.പി.ജെ | കർഷക തൊഴിലാളി പെൻഷൻ | 104720100313 | 11/6/20 | 3.07.20 | 07/20 മുതൽ 10/20 വരെ | 5400 |
| 8 | രത്നമ്മ | വാർദ്ധക്യ പെൻഷൻ | 104720201106 | 02/3/20 | 8.07.20 | 04/20 മുതൽ 09/22 വരെ | 45400 |
| ആകെ | | | | | | | 257600/- |

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/19.12.2022) അനർഹമായി കൈപ്പറ്റിയ തുക ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. അനർഹമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതും മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-26 ഐ.കെ.എം. വിഹിതത്തിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2021-22 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഇൻഫോർമേഷൻ കേരള മിഷൻ -ന് സ്ഥാപന വിഹിതം നൽകുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ഫണ്ടിനം | തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| ഐ.കെ.എം വിഹിതം | വികസനഫണ്ട് | 41,228 | 19/21-22 02.08.21 |

ഇൻഫർമേഷൻ കേരള മിഷന്റെ 20.04.2021 ലെ ഐ.കെ.എം/എ7/955/2021 ലെ കത്ത് പ്രകാരമാണ് സ്ഥാപന വിഹിതമായ 41,228/- രൂപ നൽകിയത്. മിഷൻ 03.08.21 തീയതി പ്രകാരം തുക ലഭ്യമായതിന്റെ രസീത് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുന്നതുവരെ പ്രസ്തുത പ്രോജക്ടു പ്രകാരം ചെലവഴിച്ച 41,228/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 വിവിധ വാർഡുകളിൽ വാട്ടർ കിയോസ്ക് സ്ഥാപിക്കൽ-പദ്ധതി പൂർത്തീകരിച്ചില്ല. 3,97,354 രൂപ തടസ്സപ്പെടുത്തുന്നു.

ദുരന്ത നിവാരണത്തിന്റെ ഭാഗമായി വരൾച്ചയെ നേരിടുന്നതിനായി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ജല ദൌർലഭ്യം ഒഴിവാക്കുന്നതിനായി വാട്ടർ കിയോസ്ക് സ്ഥാപിക്കുകയുണ്ടായി. വരൾച്ച സമയത്ത് ടാങ്കർ ലോറികളിൽ എത്തിക്കുന്ന വെള്ളം ശേഖരിക്കുന്നതിന് വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്, നമ്പർ | ഫണ്ടിനം, വകയിരുത്തൽ | ചെലവ് | ബിൽ നമ്പർ / തീയതി |
|---|---|---|---|
| വിവിധ വാർഡുകളിൽ വാട്ടർ കിയോസ്ക് വാങ്ങി സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -523500 | 397354 | 399, 30/03/2022 (പ്രോസീഡിംഗ്സ്) |

ഗവൺമെന്റ് ഇ-മാർക്കറ്റുവഴി വിക്ടോറിയ പോളിഫോം, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും 3000 ലിറ്റർ സംഭരണശേഷിയുള്ള 18 യൂണിറ്റുകൾ വാങ്ങിയിട്ടുണ്ട്.

| വാർഡ് | നൽകിയ കിയോസ്കുകളുടെ എണ്ണം | സ്ഥാപിക്കുന്ന സ്ഥലം |
|---|---|---|
| 1-ഇരമല്ലിക്കര | 01 | പി.എച്ച് സി.ഹോസ്പിറ്റൽ |

| | | |
|---|---|---|
| 2-തിരുവൻ വണ്ടൂർ | 01 | കോ-ഓപ്പറേറ്റീവ് ജംക്ഷൻ |
| 3-നന്നാട് | 03 | മംഗലവേലിൽ റോഡ്<br>കോട്ടയത്ത് കാവ് റോഡ്<br>ഈരടിച്ചിറ ജംക്ഷൻ |
| 5-പഞ്ചായത്ത് ഓഫീസ് വാർഡ് | 02 | തുരുത്തിശ്ശേരിപ്പടി<br>ആലൻപള്ളിത്തറപ്പടി |
| 6- പ്രാവിൻകൂട് | 01 | കല്ലുപറമ്പ് കോളനി ട്രാൻസ്ഫോമറിന് സമീപം |
| 7-മഴുക്കീർ | 01 | പഞ്ചായത്ത് ഓഫീസ് |
| 8-മഴുക്കീർ മേൽ | 02 | നെല്ലിശ്ശേരി പാറ |
| 10-ഉമയാറ്റുകര മേൽ | 02 | ആക്കൽ ചിറപ്പടി<br>പാട്ടത്തിൽപ്പടി |
| 11-ഉമയാറ്റുകര | 02 | ഉമയാറ്റുകര പാടത്തിന് സമീപം<br>ഹരിലാൽ ജംക്ഷൻ |
| 12-കോലടത്തുശ്ശേരി | 01 | തുണ്ടിയിൽപ്പടി |
| 13-വനവാത്തുകര | 02 | വനവാതുക്കര ക്ഷേത്ര ജംക്ഷൻ |

മേൽ പദ്ധതിയിൽ തന്നെ കിയോസ്ക് സ്ഥാപിക്കുന്നതിനുള്ള ഫിറ്റിംഗുകൾ ചെയ്യുന്നതിനായി തുക വകയിരുത്തിയിരുന്നു. പൂർത്തീകരണവുമായി ബന്ധപ്പെട്ട് നടത്തിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/15.12.22) ലഭിച്ച മറുപടിയിൽ സാങ്കേതിക പ്രശ്നങ്ങൾ മൂലം ടെൻഡർ നടപടികൾ യഥാസമയം പൂർത്തീകരിക്കുവാൻ സാധിച്ചില്ല എന്നറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് വിശദാംശം അറിയുന്നതുവരെ പദ്ധതിയ്ക്കായി ചെലവഴിച്ച 3,97,354/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 കരാറുകാരന്റെ ബില്ലിൽ നിന്ന് ഈടാക്കുന്ന ടാർവീപ്പയുടെ വില തനതുഫണ്ടിൽ ഒടുക്കുന്നു

30-10-2017 ലെ സർക്കുലർ നം. 59827/എഫ്.എം/07/ത.സ്വ.ഭ.വ പ്രകാരം കരാറുകാരനിൽ നിന്ന് ഈടാക്കുന്ന പിഴ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാമെന്നും ടാർ വീപ്പ വിറ്റുകിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി) 177/06/ധനം 12-04-2006 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെപ്പറയുന്ന മരാമത്ത് വർക്കിൽനിന്നും ടാർവീപ്പയുടെ വിലയിനത്തിൽ കരാറുകാരന്റെ ബില്ലിൽ നിന്ന് ഈടാക്കിയിട്ടുള്ള 3157/-രൂപ തനതുഫണ്ട് അക്കൌണ്ടിലാണ് ഒടുക്കിയിട്ടുള്ളത്.
പ്രോജക്ട് നം. 54/2021-22, മഴുക്കീർ യു.പി.എസ്-വെട്ടിക്കോട് ക്ഷേത്രം റോഡ്-റി ടാറിംഗ്. ഓഡിറ്റ് എൻക്വയറിയിലൂടെ വിശദീകരണം ആവശ്യപ്പെട്ടതിന് (നം.27 തീയതി 21-12-2022) ലഭ്യമാക്കിയ മറുപടിയിൽ, വരും വർഷങ്ങളിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും തെറ്റായി ഒടുക്കിയതുക തനതു ഫണ്ടിൽ നിന്നും മെയിന്റനൻസ് ഗ്രാന്റിലേക്ക് തിരിച്ചടക്കുന്നതിന് നടപടികള് സ്വീകരിക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. ടാർ വീപ്പ വിറ്റുകിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തിരിച്ചടക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-29 ഇന്ധന ഉപഭോഗം സംബന്ധിച്ച വിശദാംശങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല

മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും സംബന്ധിച്ച് ജി.ഒ(പി) നം.803/70/ഫിൻ തീയതി.13.11.1970 ലെ ചട്ടങ്ങൾ പൂർണ്ണമായി പരിപാലിക്കുന്നില്ല. ടി ചട്ടങ്ങൾ (കെ.എഫ്.സി വാല്യം II ചട്ടം 48 എ) പ്രകാരം എല്ലാ മാസാന്ത്യവും തുടക്കത്തിലെ കിലോമീറ്റർ റീഡിംഗ്, അവസാന റീഡിംഗ്, ആ മാസം ആകെ ഓടിയ ദൂരം, ഇന്ധനം വാങ്ങൽ, ഇന്ധന ഉപഭോഗം, ഇന്ധന ബാലൻസ് തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന ഒരു സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 30A 1449 ബൊലേറോ ജീപ്പിന്റെ ലോഗ് ബുക്കിൽ ടി സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല. കൂടാതെ വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി വൗച്ചർ നം.124/26.6.2021 പ്രകാരം 1105/- രൂപ പി.ഡബ്ള്യു.ഡി മെക്കാനിക്കൽ വിങ്ങിന് നൽകിയെങ്കിലും ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയിട്ടില്ല. കോവിഡ് കാലമായതിനാൽ തുക ഒടുക്കിയെങ്കിലും ഓഡിറ്റ് കാലയളവിൽ മൈലേജ് ടെസ്റ്റ് നടത്തിയില്ലായെന്ന് പഞ്ചായത്ത് അറിയിച്ചു. മൈലേജ് ടെസ്റ്റ് യഥാസമയം നടത്തേണ്ടതും സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ഇന്ധന ഉപഭോഗം സംബന്ധിച്ച വിശദാംശങ്ങൾ ലോഗ് ബുക്കിൽ പ്രതിമാസം രേഖപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-30 വില മുൻകൂറായി നൽകിയെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടിൽ മരുന്ന് വാങ്ങലിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക മുൻകൂറായി നൽകിയെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മരുന്ന് പൂർണ്ണമായി ലഭിച്ചതായി രേഖയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജ. നം., പേര് | നൽകിയ തുക, | ലഭിച്ച മരുന്ന് | ലഭിക്കാനുള്ള മരുന്ന് |
|---|---|---|---|
| 12/2022, ഇരമല്ലിക്കര പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ | 200000/-(നോൺ റോഡ്) (ബിൽ നം.21/ 26.02.2022) | 167258/- | 32742/- |

കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നുള്ള ഒരു പ്രൊഫോർമ ഇൻവോയ്സിന്റെ (PRF5285) അടിസ്ഥാനത്തിലാണ് തുക മുൻകൂറായി കൈമാറിയിട്ടുള്ളത്. തുക കൈമാറി 10 മാസം കഴിഞ്ഞിട്ടും മരുന്ന് പൂർണ്ണമായി ലഭ്യമാകാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/21.12.2022) മറുപടി ലഭിച്ചില്ല. മരുന്ന് പൂർണ്ണമായി ലഭിക്കുന്നതുവരെ ലഭിക്കാനുള്ള മരുന്നിന്റെ വിലയായ 32742/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 എൻ.ആർ.ഇ.ജി.എസ്സ്- മെറ്റീരിയൽ വർക്കുകളിൽ അധിക നിരക്ക് അനുവദിക്കുന്നു

പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം 80mm Thick Cc Paver Block പാകുന്നതിനായി 1 $M^2$ ന് 872.03 രൂപയാണ് അനുവദിക്കാവുന്ന നിരക്ക് (ഒബ്സർവ്ഡ് ഡേറ്റ) എന്നിരിക്കെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തിക്ക് 80mm Thick Cc Paver Block പാകുന്നതിനായി 1 $M^2$ ന് 1050/-രൂപ നിരക്കിലാണ് അനുവദിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | എം ബുക്ക് നമ്പർ | 80mm Thick Cc Paver Block പാകിയ ഏരിയ | 1 $M^2$ ന് അനുവദിച്ച നിരക്ക് | $1m^2$ ന് അനുവദിക്കാവുന്ന നിരക്ക് | അധികം അനുവദിച്ചത് |
|---|---|---|---|---|---|
| ഇടയാടിയിൽ-കുറ്റിക്കാട്ട് പടി റോഡ് ഇന്റർലോക്കിംഗ് | 319/22 | $134.13m^2$ | $1050/m^2$ | $872.03/m^2$ | 23875/- |

സെക്വയർ സോഫ്റ്റ്‌വെയറിലെ എസ്റ്റിമേറ്റ് പ്രകാരം $1652/m^2$ ആണ് ഈ ഇനത്തിന് നൽകിയിട്ടുള്ള റേറ്റ്. മേൽപ്പറഞ്ഞപ്രകാരം ഒരു എം$^2$ ന് 602/- രൂപയുടെ വ്യത്യാസം വരുന്നു. കരാറുകാരൻ ലഭ്യമാക്കുന്ന ടാക്സ് ഇൻവോയ്സ് പ്രകാരമുള്ള റേറ്റ് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. സോഫ്റ്റ്‌വെയറിലെ അപാകതകൾ പരിഹരിക്കുന്നതിനായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 1-32 വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല

2021-22 സാമ്പത്തിക വർഷം തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് ടെൻഡറുകൾ നടത്തുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | പത്രത്തിന്റെ പേര് | പരസ്യങ്ങളുടെ വിശദാംശം | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | | നിരക്ക് | ആകെ SGST&CGST @2.5 | ബിൽ നമ്പർ തീയതി |
|---|---|---|---|---|---|---|---|
| | | | വീതി | നീളം | | | |
| 29.08.21 | ദേശാഭിമാനി | പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെൻഡർ ക്ഷണിക്കുന്നതിന് | 4 | 8 | 180 | 5141 (Sgst-122.4 Cgst-122.4) | 37/21-22 21.10.21 |

| | | | | | | | |
|---|---|---|---|---|---|---|---|
| 30.07.21 | ദേശാഭിമാനി | പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെൻഡർ ക്ഷണിക്കുന്നതിന് | 3.5 | 8 | 180 | 4498 (Sgst-107.1 Cgst-107.1) | 37/21-22 21.10.21 |
| 20.11.21 | ദേശാഭിമാനി | പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെൻഡർ ക്ഷണിക്കുന്നതിന് | 3.5 | 8 | 180 | 5040 (Sgst-107.1 Cgst-107.1) | 54/21-22 15.02.22 |
| 04.12.21 | ദേശാഭിമാനി | പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെൻഡർ ക്ഷണിക്കുന്നതിന് | 3.5 | 8 | 180 | 5040 (Sgst-178.50 Cgst-178.50.) | 54/21-22 15.02.22 |

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്-ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നടത്തിയ ടെൻഡർ, വാങ്ങലുകൾക്ക് നടത്തിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകളിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം.2/15.12.2022 നൽകിയതിന് മറുപടിയായി തുടർന്നുള്ള ബില്ലുകളിൽ അധികമായി ചെലവഴിച്ച തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം അപാതകതൾ ഉണ്ടാവാതെ ശ്രദ്ധിക്കുന്നതിന് അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 ലൈഫ് പദ്ധതി - അവലോകനം

സ്വന്തമായി ഭൂമിയുള്ള പാവപ്പെട്ട ഭവനരഹിതരായ എല്ലാവർക്കും ഭവനം ലഭ്യമാക്കുക, മുൻകാലങ്ങളിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത വീടുകളുടെ പൂർത്തീകരണം സാധ്യമാക്കുക, വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണം നടത്തുക, വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവർക്ക് പുതിയ വീട് ലഭ്യമാക്കുക തുടങ്ങിയവ ലൈഫ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.

1) 2021-22 സാമ്പത്തിക വർഷത്തിൽ ലൈഫ് പദ്ധതി പ്രകാരം കരാർ വച്ചതും പൂർത്തീകരിച്ചതുമായ ഭവനങ്ങളുടെ വിശദാംശം വി.ഇ.ഒ. ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ളത് ചുവടെ ചേർക്കുന്നു.

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2021-22 | 04 | 16 | 02 | 05 | 02 | 03 |

2) ആകെ ചെലവഴിച്ച തുകയുടെ കണക്ക്

| വർഷം | പദ്ധതി വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 2021-22 | 3303314/- | 1090000/- | 500000- | - | - | 4893314 |

## 1-34 അങ്കണവാടി - അവലോകനം

തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 15 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 03 എണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 10 എണ്ണം വാടക കെട്ടിടത്തിലും 02എണ്ണം വാടകയില്ലാതെയും പ്രവർത്തിക്കുന്നു. 15 അങ്കണവാടികളിലും ടോയ്‌ലെറ്റ് സൗകര്യമുണ്ട്. അങ്കണവാടികളിൽ ഒന്നിലും ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഇല്ല. 09 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. 15 അങ്കണവാടികളിലും വൈദ്യുതി സൗകര്യം ഉണ്ട്. 15 അങ്കണവാടികളിൽ കുടിവെള്ളം

ലഭ്യമാണ്. 07 അങ്കണവാടികൾ ഒറ്റമുറിയിൽ പ്രവർത്തിക്കുന്നു. (അടുക്കളയ്ക്ക് പ്രത്യേകം മുറിയില്ലാത്തവ) എല്ലാ അങ്കണവാടികളിലും ഗ്യാസ് കണക്ഷൻ ഉണ്ട്. ആവശ്യത്തിന് ഫർണീച്ചർ പാത്രങ്ങൾ എന്നിവ ലഭ്യമാക്കാൻ 2022 – 23 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് വച്ചിട്ടുണ്ട് . ഫാൻ, ധാന്യസംഭരണികൾ എന്നിവ ലഭ്യമാണ്. എല്ലാ അങ്കണവാടികളും ഫിറ്റ്നെസ് ഉള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കാൻ ഭക്ഷ്യസംഭരണികൾ ലഭ്യമാണ്. മാതൃകാ അങ്കണവാടികൾ നിലവിലില്ല. സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കാനും മറ്റ് അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 തൊഴിലുറപ്പ് പദ്ധതി - അവലോകനം

ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേൻമയുള്ളതും ഉൽപാദനക്ഷമവുമായ ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം

2021-22 സാമ്പത്തിക വർഷത്തിൽ തിരുവൻവണ്ടൂർ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.ആക്ഷൻ പ്ലാൻ അനുസരിച്ച് 2021-22 സാമ്പത്തിക വർഷത്തിൽ 332 പ്രവർത്തികൾക്ക് അനുമതി ലഭിച്ചു. തൻവർഷത്തിൽ 38 സ്പിൽ ഓവർ പ്രവർത്തികളും 105 പുതിയ പ്രവർത്തികളും ഉൾപ്പെടെ 143 പ്രവർത്തികൾ ഏറ്റെടുത്തിരുന്നു . ഇതിൽ തൻ വർഷം 32സ്പിൽ ഓവർ പ്രവർത്തികളും 28 പുതിയ പ്രവർത്തികളും പൂർത്തിയാക്കി . തൻവർഷം പുതിയതായി രജിസ്റ്റർ ചെയ്ത തൊഴിലാളികളുൾപ്പെടെ ആകെ തൊഴിലാളികളുടെ എണ്ണം 2711ആണ്. രജിസ്റ്റർ ചെയ്ത എല്ലാ തൊഴിലാളികൾക്കും തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ആർക്കും തൊഴിലില്ലായ്മ വേതനം നൽകിയിട്ടില്ല. തൊഴിലാളികൾക്ക് അവർ താമസിക്കുന്ന സ്ഥലത്തിന്റെ 05 കിലോമീറ്റർ ചുറ്റളവിൽ തൊഴിൽനൽകാൻ സാധിക്കുന്നുണ്ട്. തൻവർഷം 139 കുടുംബങ്ങൾ 100 തൊഴിൽ ദിനം പൂർത്തീകരിച്ചു.

തൻവർഷം ആകെ ചെലവഴിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു.

| വേജസ് | മെറ്റീരിയൽസ് | അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് | ആകെ |
|---|---|---|---|
| 12527259/- | 4307037/- | 256025/- | 17090321/- |

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട - അധിക തുക നൽകിയത് സംബന്ധിച്ച്

പ്രോജക്ട് നം - 81/22

പ്രോജക്ടിന്റെ പേര് - ഭിന്നശേഷിക്കാർക്ക് പെട്ടിക്കട
നിർവഹണം – ഐ.സി.ഡി.എസ് സൂപ്പർവൈസർ

ടി പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 03 ഗുണഭോക്താക്കൾക്ക് പെട്ടിക്കട നിർമ്മിച്ച് നൽകിയതിന് സിഡ്കോ സ്റ്റോബോഡ് ഫാക്ടറിക്ക് 116969/- രൂപ (ട്രഷറി ബിൽ നം. 16/21-22/30-03-22) നൽകിയിട്ടുണ്ട്. ഒരു പെട്ടിക്കടയുടെ നിർമ്മാണത്തിന് 38990/- രൂപ ചെലവായിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഈയിനത്തിൽ പൊതു വിഭാഗത്തിലെ ഒരു ഗുണഭോക്താവിന് അനുവദനീയമായ പരമാവധി സബ്സിഡി തുക 30000/- രൂപയാണ്. എ.ഇ. യുടെ വാല്യുവേഷൻ പ്രകാരം ഒരു പെട്ടിക്കയുടെ വാല്യുവേഷൻ 39500/- രൂപയെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് . ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) രഘുനാഥൻ നായർ, നടുവിലേത്ത്, തിരുവൻവണ്ടൂർ

2) ശാന്തമ്മ, വേലുപ്ര, ഇരമല്ലിക്കര

3) പി.ജി.ജേക്കബ്, അമ്പലത്തറ വില്ലകുന്നിൽ, ഉമയാറ്റുകര പുത്തൻ വീട്.

ഇതിൽ ശാന്തമ്മ എന്നയാൾ എസ്.സി. വിഭാഗത്തിൽ ഉൾപ്പെടുന്നു. പൊതു വിഭാഗത്തിൽപ്പെടുന്ന ബാക്കി രണ്ട് പേർക്ക് അധികരിച്ച നിരക്കിൽ ആനുകൂല്യം നൽകിയതിന് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/2021-22/21-02-22 ന് മറുപടി നൽകിയിട്ടില്ല. രണ്ട് ഗുണഭോക്താക്കൾക്ക് ഈയിനത്തിൽ അധികത്തിൽ ചെലവഴിച്ച 17980/- രൂപ നിർവഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്.സൂപ്പർവൈസറിൽ നിന്ന് തിരികെ ഈടാക്കി നിശ്ചിത ഫണ്ടിൽ അടക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 140577 | നെൽകൃഷി വികസനം(65/22) | 140577 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 930000 | ലൈഫ് (എസ്സ്.സ്സി) (23/22) | 930000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 160000 | ലൈഫ് (ജനറൽ) (20/22) | 160000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (73/22) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 324500 | ഒന്നാം വാർഡിലെ 146-ാം നമ്പർ അംഗണവാടി കെട്ടിടം പുനർ നിർമ്മാണം (115/22) | 324500 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 253456 | നെൽകൃഷി വികസനം(65/22) | 253456 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 500000 | ലൈഫ് (എസ്സ്.സ്സി)(23/22) | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 63000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (102/22) | 63000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 300000 | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി (70/22) | 100000 | 200000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 250000 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (73/22) | 185250 | 64750 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 498000 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (90/22) | 0 | 498000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | 34/22 പാലിന് സബ്സിഡി | 100000 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ |  | 498000 | 498000 | 0 |

| | | | | | |
|---|---|---|---|---|---|
| | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | | | | |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ 93/22 | | 399998 | 399998 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്(2021-22)

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | LF 511/2018 തീയതി 02.01.19 | 500000 | 60049 | 183334 | | -123285 |

തൻവർഷത്തെ അലോട്ട്മെന്റ് വിവരങ്ങൾ,വായ്പ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, 60049/- രൂപ മാത്രം വായ്പയിനത്തിൽ തിരിച്ചടക്കാൻ ബാക്കി നിൽക്കെ, വിവിധ ജി.ഒ. പ്രോജക്ടുകൾ പ്രകാരം തൻവർഷം 1,83,334/-രൂപ സോഴ്സിൽ നിന്നും വായ്പ തിരിച്ചടവായി പിടിച്ചിട്ടുണ്ട്. തൻമൂലം 123285/-രൂപ അധികം ഈടാക്കിയിട്ടുള്ളത് സർക്കാരിനെ അറിയിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62271962 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48471050 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 17980 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 471324 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-25 | | 17980 | സൌമ്യമോൾ.യു ഐ,സി.ഡി.എസ്. സൂപ്പർവൈസർ |
| | | 17980 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 41228 | സുനിത.ജി.എസ്, സെക്രട്ടറി |
| 1-27 | 397354 | ഗോപീകൃഷ്ണൻ ജി.എസ്, സെക്രട്ടറി |
| 1-30 | 32742 | ഡോ.മിന്റോ മാർക്കോസ് മെഡിക്കൽ ഓഫീസർ, അലോപ്പതി |
| ആകെ | 4,71,324 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-22 | 3258 | ഗോപീകൃഷ്ണൻ.റ്റി.എസ് സെക്രട്ടറി |
| 1-23 | 6516 | ഗോപീകൃഷ്ണൻ.റ്റി.എസ് സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.മിന്റോ മാർക്കോസ് മെഡിക്കൽ ഓഫീസർ. പി.എച്ച്.സി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. തിരുവൻവണ്ടൂർ | കളത്തിൽ പറമ്പിൽ, കുറിച്ചി.പി.ഒ. കോട്ടയം |
| സൌമ്യമോൾ.യു ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ തിരുവൻവണ്ടൂർ | സാരസ്വതം ഏ.ആർ.ഏ.64 റ്റി.സി 49/494(3), കൊഞ്ചിറവിള, മണക്കാട്.പി.ഒ., തിരുവനന്തപുരം |
| സുനിത.ജി.എസ് സെക്രട്ടറി | സെക്രട്ടറി മേലില ഗ്രാമപഞ്ചായത്ത് കൊല്ലം | മൺതടത്തിൽ വീട് പകൽക്കുറി പി.ഒ., തിരുവന്തപുരം |
| ഗോപീകൃഷ്ണൻ സെക്രട്ടറി | തിരുവൻ വണ്ടൂർ ഗ്രാമപഞ്ചായത്ത് | വമജ്ജിമ,പേട്ട വള്ളക്കടവ് പി.ഒ ചിറയിൻകീഴ് |

| | | |
|---|---|---|
| | | തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996/97 | എൽ.എഫ്.എ.8/321/01/17.04.01/08.06.01 ചെലവ് |
| 1997/98 | എൽ.എഫ്.എ.8/320/01/17.04.01/08.06.01 |
| 1998/99 | എൽ.എഫ്.എ.8/1314/02//18.12.2002 |
| 1999/2000 | എൽ.എഫ്.എ.8/1315/02/11.06.2003 |
| 2000/2001 | എൽ.എഫ്.എ.8/943/05/05.05.06 |
| 2001/2002 | എൽ.എഫ്.എ.8/943/05/05.05.06 |
| 2002/2003 | എൽ.എഫ്.എ.11/942/08 |
| 2003/04 | എൽ.എഫ്.എ.11/943/08/27.01.09/08.04.09 |
| 2004/05 | എൽ.എഫ്.എ.11/737/10/31.10.11 |
| 2005/06 | എൽ.എഫ്.എ.11/738/10/31.10.11 |
| 2006/07 | എൽ.എഫ്.എ.7/26/27.07.12 |
| 2007/08 | എൽ.എഫ്.എ.7/27/27.07.12 |
| 2008/09 | എൽ.എഫ്.എ.7/28/27.07.12 |
| 2009/10 | എൽ.എഫ്.എ.7/29/27.07.12 |
| 2010/11 | എൽ.എഫ്.എ.പി7/23/12/06.08.12/04.10.12 |
| 2011/12 | എൽ.എഫ്.എ.പി7/1002/14/10.10.14 |
| 2012/13 | എൽ.എഫ്.എ.പി7/347/15/03.0615/04.08.15 |
| 2013/14 | കെ.എസ്.എ.എ.എൽ.പി.പി.7/405/2016/26.03.16 |
| 2014/15 | കെ.എസ്.എ.എ.എൽ.പി/പി 7-832/2016/29.07.16/03.08.16 |
| 2015-16 | കെ.എസ്.എ./എ.എൽ.പി/പി 14/44/2017 തീയതി.30.01.2017 |
| 2016-17 | കെ.എസ്.എ./എ.എൽ.പി/പി 14/1241/2017 തീയതി.3.11.2017 |
| 2017-18 | കെ.എസ്.എ./എ.എൽ.പി/പി 14/1468/2018 തീയതി.01.09.2018 |
| 2018-19 | കെ.എസ്.എ./എ.എൽ.പി/പി 14/1468/2018 തീയതി.01.09.2018 |
| 2019-20 | കെ.എസ്.എ./എ.എൽ.പി/പി 6/349/21 തീയതി.12.04.21 |
| 2020-21 | കെ.എസ്.എ./എ.എൽ.പി/പി 6/349/21 തീയതി.12.04.21 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്